LIBRARY ARCHIVES Kerala Legislative Assembly

മിൽമയുടെ മേഖലാ യൂണിയനുകളും മദർഫുഡ്സ് കമ്പനിയും

92 [421] ശ്രീ. ഡി. സുഗതൻ:

„ കെ. അച്ചുതൻ:

„ സി. പി. മുഹമ്മദ്:

„ എം. എ. ചന്ദ്രശേഖരൻ:

„ എം. കെ. പോൾസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ മേഖലാ യൂണിയനുകളും മദർഫുഡ്സ് കമ്പനിയും തമ്മിലുള്ള ബന്ധമെന്തായിരുന്നു എന്നു വിശദമാക്കാമോ;

(ബി) മേഖലാ യൂണിയനുകൾ സംഭരിക്കുന്ന പാലിന് കർഷകന് നൽകുന്ന വിലയും, പ്രാദേശിക പാൽ സഹകരണ സംഘങ്ങൾക്ക് നൽകുന്ന കമ്മീഷനും എത്ര വീതമാണ്;

(സി) മദർഫുഡ്സ് കമ്പനിക്ക് ലഭിക്കുന്ന പാൽ എന്തു വിലയ്ക്കാണ് വിറ്റിരുന്നത്;

(ഡി) ഇതിൽ മദർഫുഡ്സ് കമ്പനിക്കുള്ള ലാഭമെത്രയാണ്; മേഖലാ യൂണിയന് ലഭിക്കുന്ന കമ്മീഷനെത്രയാണ്;

(ഇ) ഇപ്പോൾ മേഖലാ യൂണിയനുകൾ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംയുക്ത സംരംഭ കമ്പനിയായ മിൽമാ ഫുഡ്സിന്റെ 51% ഓഹരി പങ്കാളിത്തം മദർഫുഡ്സ് കമ്പനിയ്ക്കും 49% ഓഹരി പങ്കാളിത്തം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും നൽകികൊണ്ട് മിൽമ സംഭരിക്കുന്ന പാൽ വിതരണം ചെയ്യുന്നതുമുതലുള്ള ചുമതല ഈ കമ്പനിയെ ഏൽപ്പിച്ചിരുന്നു. മൂന്നു മേഖലാ യൂണിയനുകൾക്ക് മാത്രമാണ് ഫെഡറേഷനിൽ ഓഹരി പങ്കാളിത്തം ഉള്ളത്.

(ബി) ശരാശരി ഗുണനിലവാരമുള്ള (4.1% ഫാറ്റും, 8.2% എസ്.എൻ.എഫും.) പാൽ ലിറ്ററിന് 11 രൂപ 40 പൈസ ആണ് കർഷകന് ലഭിക്കുന്ന വില. യൂണിയൻ സംഘങ്ങൾക്ക് നൽകുന്ന വില ലിറ്ററിന് 11 രൂപ 97 പൈസയും ആണ്. അതായത് സംഘങ്ങൾക്കുള്ള കമ്മീഷൻ ഒരു ലിറ്റർ പാലിന് 57 പൈസയാണ്.

(സി) 12 രൂപ 99 പൈസയ്ക്ക് മിൽമ ഫുഡ്സ് കമ്പനിയ്ക്ക് ലഭിക്കുന്ന ടോൺഡ് പാൽ 14 രൂപയ്ക്കാണ് വിൽക്കുന്നത്.

(ഡി) ടോൺഡ് പാൽ 12 രൂപ 99 പൈസയ്ക്കാണ് മിൽമ ഫുഡ്സിന് മേഖലാ യൂണിയനുകൾ നൽകുന്നത്. പ്രസ്തുത പാൽ 14 രൂപയ്ക്ക് വിൽക്കുമ്പോൾ 56 പൈസ ഏജൻസി കമ്മീഷനും 45 പൈസ മിൽമാ ഫുഡ്സ് ലിമിറ്റഡിന്റെ മാർജിനും ആണ്.

(ഇ) മലബാർ, തിരുവനന്തപുരം മേഖലാ യൂണിയനുകൾക്ക് സംയുക്ത സംരംഭ കമ്പനി കാരണം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രതിമാസം നഷ്ടം മലബാർ മേഖലാ യൂണിയന് 8 ലക്ഷം രൂപയും, തിരുവനന്തപുരം മേഖലാ യൂണിയന് 10 ലക്ഷം രൂപയുമാണ്. എറണാകുളം മേഖലാ യൂണിയൻ നേരത്തെ മുതൽതന്നെ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയും, 2001 മുതൽ സംസ്ഥാന കേന്ദ്ര സർക്കാർ സംയുക്തമായി അനുവദിച്ച 413.2 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള റീഹാബിലിറ്റേഷൻ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. പാൽ, പാൽപ്പൊടി മുതലായ അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഉണ്ടായ വർദ്ധന, ജീവനക്കാരുടെ വേതന വർദ്ധനവ്, വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധന മുതലായവയെല്ലാം മേഖലാ യൂണിയനുകൾക്കുണ്ടായ നഷ്ടത്തിന് കാരണമാണ്.

കോഴിമുട്ടയുടെ ഗുണമേന്മയും ഉപഭോഗവും

93 [422] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. സി. ജോസഫ്:
" എഴുകോൺ നാരായണൻ:
" പ്രയാർ ഗോപാലകൃഷ്ണൻ:
" തേറമ്പിൽ രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര കോഴിമുട്ടയുടെ ആവശ്യമാണുള്ളത്;

(ബി) അതിൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്നതെത്ര; ബാക്കിമുട്ട എവിടെ നിന്നെല്ലാമാണ് സംസ്ഥാനത്തെത്തുന്നത്; ഇപ്രകാരം എത്തുന്ന മുട്ടയുടെ ഗുണ മേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളുണ്ട്;

(സി) പുറത്തുനിന്നെത്തുന്ന മുട്ടകൾ കാലപ്പഴക്കം കൊണ്ടും പൊട്ടുന്നതു കൊണ്ടും ഉപയോഗശൂന്യമായവയാണ് എന്ന ആരോപണങ്ങളുണ്ടായിട്ടുണ്ടോ;

(ഡി) ഗുണമേന്മയില്ലാത്ത മുട്ടനശിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം 133.5 ലക്ഷം മുട്ടയുടെ ആവശ്യകത കണക്കാക്കിയിരിക്കുന്നു.

(ബി) സംസ്ഥാനത്ത് പ്രതിദിനം 34.18 ലക്ഷം മുട്ട ഉൽപ്പാദിപ്പിക്കപ്പെടുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് മുട്ട ഇറക്കുമതി ചെയ്യുന്നത്. ഇപ്രകാരം എത്തുന്ന മുട്ടയുടെ ഗുണമേന്മ

LIBRARY ARCHIVES Kerala Legislative Assembly